ശ്രീ. പി. ഭാസ്കരൻനായർ : പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ സമരത്തെ തീരെ ശ്രദ്ധിക്കുന്നില്ലെന്നു പറഞ്ഞല്ലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ അർത്ഥത്തിലല്ല ഞാൻ പറഞ്ഞതു്. ശമ്പളം കൂട്ടുന്നകാര്യം അവരുടെ സമരത്തെ ആശ്രയിച്ചായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ ഗവണ്മെൻറ് അതിനെപ്പറ്റി ഒരു തീരുമാനം നേരത്തെ എടുത്തിട്ടുള്ളതാണു്. ഏറ്റവും ഗൗരവമുള്ള ഒരു സന്ദർഭത്തിൽ ഈ നിയമസഭയിൽവച്ചു് അന്നത്തെ ഫൈനാൻസുമന്ത്രിയായിരുന്ന ഞാൻ ഇക്കാര്യത്തെപ്പറ്റി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. അതനുസരിച്ചു് ചെയ്യുന്നതിനുള്ള താമസം പേ കമ്മിഷൻ റിപ്പോർട്ടിന്മേൽ എല്ലാ കാര്യങ്ങളും പരിഗണിച്ചു് ഒരു ആർഡർ പുറപ്പെടുവിക്കുന്നതിനു് വരുന്ന കാലതാമസമാണു്. മുൻതീരുമാനം അനുസരിച്ചു് ആർഡറുണ്ടാകും. അതിനിടയിൽ ഒരു ശമ്പളം നിശ്ചയിക്കുകയാണെങ്കിൽ അതു് ശരിയാകയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കഴിഞ്ഞ ഫെബ്രുവരി 16-ാംതീയതി അദ്ധ്യാപകസംഘടനാപ്രതിനിധികളുടെ ഒരു കാൺഫറൻസ് വിളിച്ചുകൂട്ടിയിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വിളിച്ചുകൂട്ടി; തീയതി ഓർക്കുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ആ കാൺഫറൻസിൽവച്ചു് തുല്യ ജോലിക്കു് തുല്യവേതനം എന്ന തത്വം അംഗീകരിച്ചു് ഏപ്രിൽ ഒന്നാം തീയതിമുതൽ തുല്യശമ്പളം കൊടുക്കാമെന്നു വാഗ്ദാനം ചെയ്തിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ലെന്നു പറഞ്ഞോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : എത്രതവണ അങ്ങിനെ പറഞ്ഞിട്ടുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഓർമ്മയില്ല.

ശ്രീ. ടി. എ. മജീദ് : വാഗ്ദാനം ചെയ്തിട്ടുള്ളതു് പാലിക്കേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ ചെയ്ത വാഗ്ദാനമൊന്നും പാലിക്കാതിരുന്നിട്ടില്ല. പാലിക്കുന്നതാണു് പറയുന്നതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : 'തുല്യശമ്പളം കൊടുക്കണമെന്ന തത്വം അംഗീകരിക്കുന്നതു് പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകരുടെ സർവീസിനെ ആശ്രയിച്ചായിരിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെയും കൂടെ ആശ്രയിച്ചിരിക്കും.

## പ്ലാന്റേഷൻ ലേബർ കമ്മിറ്റി.

* 643. [3] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്ലാന്റേഷൻ ലേബർ നിയമത്തിന്റെ കരടുരൂപകം പരിശോധിക്കുന്ന കമ്മിറ്റിയുടെ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്നാണ് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) 7-10-55-ൽ.

ശ്രീ. പി. ഗോപാലൻ: ആ കമ്മിറ്റിയിലെ അംഗങ്ങളിൽ ആരെല്ലാമാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസുവേണം.

ശ്രീ. പ്രാക്കുളം മാസി: ആ കമ്മിറ്റി എന്നത്തേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് ആവശ്യപ്പെട്ടിരുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പറഞ്ഞ സമയത്തു റിപ്പോർട്ടു ചെയ്തിട്ടില്ല.

ശ്രീ. പ്രാക്കുളം മാസി: അക്ടോബർ 20-ാംതീയതി റിപ്പോർട്ട് സമർപ്പിക്കുമെന്നു പറഞ്ഞിട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം. അതിനെന്താണ് വേറെന്തെങ്കിലുമൊരു നടപടിയെക്കുറിച്ചു ആലോചിക്കുകയാണ്.

ശ്രീ. പ്രാക്കുളം മാസി: അതിനുവേണ്ട റൂൾസ് ഉണ്ടാക്കാത്തതുകൊണ്ടാണ് നിയമം നടപ്പിലാക്കാത്തതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റൂൾസ് ഉണ്ടാക്കുന്നതു തൽപ്പരകക്ഷികളുമായി ആലോചിച്ചു ചെയ്യുന്നതാണ് നല്ലതെന്നു വിചാരിച്ചു. അവർ സഹകരണമനോഭാവത്തോടുകൂടി പ്രവർത്തിക്കുന്നില്ലെങ്കിൽ വേറെന്തെങ്കിലും ചെയ്യും. അല്ലാതെ നിവൃത്തിയില്ല.

ശ്രീ. പ്രാക്കുളം മാസി: ആ കമ്മിറ്റിയിൽ ഐ. എൻ. ടി. യു. സി. അംഗങ്ങളെ മാത്രമേ എടുത്തിട്ടുള്ളൂ എന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്ലാന്റേഷന്റെ പ്രതിനിധിയായി ഒരാളെ എടുത്തിട്ടുണ്ട്. ഇത്ര ആളുകളെ എടുത്തിട്ടതെന്തെന്നാൽ ഇത്രതന്നെ മതിയെന്നു തോന്നി. കൂടുതൽ ആളുകളെ വേണമെങ്കിൽ വയ്ക്കാം.

ശ്രീ. പ്രാക്കുളം മാസി: കൂടുതൽ ആളുകളെ വയ്ക്കണമെന്നല്ല പറയുന്നത്. ഐ. എൻ. ടി. യു. സി. പ്രതിനിധികളെ മാത്രമല്ല എടുത്തിട്ടുള്ളതു എന്നാണു ചോദിച്ചത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല. തൊഴിലാളി പ്രതിനിധികളെയാണ് എടുത്തിട്ടുള്ളതു.

ശ്രീ. പ്രാക്കുളം മാസി: ഐ. എൻ. ടി. യു. സി. ക്കാണ് പ്രാതിനിധ്യമുള്ളതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ നിലയിൽ അല്ല എടുത്തിട്ടുള്ളതു.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്ര ം ാസ : ക്ടോബർ 20—ാം ിയതി പോയ ഇപ്പോഴും റിേ ർട്ട വ നിട്ടില്ലാ ത്തതെ ാണ്ട് ഗവണ്മെൻറതെന തീരുമാനിക്ക മെന്ന് ഉദ്ദേശി ന്നതെ ാ?

ശ്രീ. ന ി ഗോവ ന്ദമേനോൻ: ഉവ്വ്.

ൈ വറാ ൈക്കൻഡറിസ്കൂൾ അദ്ധ്യാപകർ.

*644. [4] ശ്രീ പി ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) പ്രൈവറ്റ് സെക്കൻഡറിസ്കൂൾ അദ്ധ്യാപകന്മാരുടെ പരിതാപകരമായ ശമ്പളം സംബന്ധിച്ച് നിവേദനങ്ങൾ പ. എസ്. ാ. എ. പ്രതിനിധികളിൽ നിന്നെല്ലാം ആവശ്യമുന്നയിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും ഉറപ്പ് അനുസംബന്ധിച്ച് നൽകിയിട്ടുണ്ടോ;

(സി) പ്രൈവറ്റ് സെക്കൻഡറിസ്കൂൾ അദ്ധ്യാപകന്മാരുടെ പ്രശ്നത്തിന് എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളത്?

മഖ്യമന്ത്രി (ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ):

(എ) 1. ഡിപ്പാർട്ടുമെൻറൽ അദ്ധ്യാപകന്മാരുടെ ശമ്പളനിരക്ക്.

2. സർക്കാർ സർവ്വീസിലുള്ള ക്ഷാമബത്താനിരക്ക്.

3. ഡിപ്പാർട്ടുമെൻറ് അദ്ധ്യാപകന്മാർക്കുള്ള അവധി ആനുകൂല്യം, എൻ. ജി. ഒ. മാരുടെ മക്കൾക്കുള്ള ഫീസിളവ്, സൗജന്യ വൈദ്യസഹായം.

4. അദ്ധ്യാപകന്മാരും മാനേജരന്മാരും തമ്മിലുള്ള തർക്കങ്ങൾക്ക വിധിപായുന്നതിന് ഒരു ട്രൈബ്യൂണൽ സ്ഥാപിക്കുക.

5. പ്രൊവിഡൻറ്ഫണ്ട് മുതലായവ.

(ബി) ഈ കാര്യങ്ങൾ ആലോചിക്കാമെന്നു പറഞ്ഞിട്ടുണ്ട്.

(സി) ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ.

ശ്രീ. പി. ഗോപാലൻ: ഇതു പരിഗണിക്കുമെന്ന് മഖ്യമന്ത്രി പലപ്പോഴും ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ഇതു് എന്നത്തേയ്ക്കു് നടപ്പിലാക്കാൻ സാധിക്കുമെന്നു് പറയാമോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: പേ കമ്മിഷൻ റിപ്പോർട്ടിൽ തീരുമാനം എടുക്കേണ്ടതുണ്ടു്. ഇപ്പോഴത്തെ അവകാശമെന്നു് ഞാൻ മുൻചോദ്യത്തിനു മറുപടിയായി പറഞ്ഞിട്ടുണ്ട്. ഇത്ര ദിവസത്തിനകം എന്നു പറയാൻ സാധിക്കുകയില്ല.

ശ്രീ പി. ആർ. മാധവൻ പിള്ള: അവർ ഉന്നയിച്ച എതെല്ലാം കാര്യങ്ങൾ ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുന്നു എന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാം.

LIBRARY ARCHIVES Kerala Legislative Assembly